സാമൂഹ്യസുരക്ഷാ പെൻഷനുകൾ

314 (1788) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് വിതരണം ചെയ്യുന്നതെന്നും ഓരോന്നിലും പ്രതിമാസം പെൻഷൻ തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ച പ്രതിമാസ പെൻഷനുകൾ ഏതെല്ലാമാണെന്നും എത്ര തുക വീതമാണെന്നും വിശദമാക്കുമോ;

(സി) ഏതൊക്കെ പെൻഷനുകൾ എത്ര തുക വീതം കുടിശ്ശികയായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതർക്കുള്ള പെൻഷൻ, അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് നിലവിലുള്ളത്.

ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ	-	600 രൂപ
80 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ	-	1200 രൂപ
ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	-	800 രൂപ
ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ	-	800 രൂപ
80% വൈകല്യമുള്ളവർക്കുള്ള പെൻഷൻ	-	1100 രൂപ
അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	-	800 രൂപ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 300 രൂപയിൽ നിന്ന് 400 രൂപയായും തുടർന്ന് 400 രൂപയിൽ നിന്ന് 600 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

80 വയസ്സിനുമേൽ പ്രായമുള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ 300 രൂപയിൽ നിന്ന് 400 രൂപയായും 400 രൂപയിൽ നിന്നും 900 രൂപയായും തുടർന്ന് 900 രൂപയിൽ നിന്നും 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും 525 രൂപയായും തുടർന്ന് 525 രൂപയിൽ നിന്നും 800 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും തുടർന്ന് 525 രൂപയായും 525 രൂപയിൽ നിന്നും 800 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

80%-നുമുകളിൽ അംഗവൈകല്യം സംഭവിച്ചവർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും 700 രൂപയായും തുടർന്ന് 700 രൂപയിൽനിന്നും 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)

315 (1789) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സംസ്ഥാനത്ത് സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)കൾക്ക് വകയിരുത്തിയ തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് പറയാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംയോജിത ശിശുവികസന സേവന പദ്ധതിയെ പി.പി.പി. മാതൃകയിൽപ്പെടുത്തി സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നയത്തിന്റെ തുടർച്ചയായി സംസ്ഥാനത്ത് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരമുള്ള പദ്ധതികളിൽ നിന്നും ഒഴിവാകുവാനും പ്രസ്തുതപദ്ധതി സർക്കാർ തലത്തിൽ തന്നെ തുടരുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സംസ്ഥാനത്ത് സംയോജിത ശിശുവികസന സേവന പദ്ധതിക്കായി (ഐ.സി.ഡി.എസ്.) വകയിരുത്തിയ തുകയുടെയും വിനിയോഗിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു :

വർഷം	ഐ.സി.ഡി.എസ്.പദ്ധതിക്കായി വകയിരുത്തിയ തുക	വിനിയോഗിച്ച തുക
2011-12	3,20,26,80,000 രൂപ	3,16,55,46,244 രൂപ
2012-13	2,00,00,00,000 രൂപ	2,95,94,47,294 രൂപ
2013-14	4,00,00,00,000 രൂപ	3,01,45,74,380 രൂപ
2014-15	4,40,00,00,000 രൂപ	3,32,89,36,914 രൂപ

LIBRARY ARCHIVES Kerala Legislative Assembly